പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.463 — 28-6-2011-ന് മറുപടിക്ക്

## രാജീവ് ആവാസ് യോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) ചേരിനിർവ്യാപനം ലക്ഷ്യമിട്ട് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന രാജീവ് ആവാസ് യോജന പദ്ധതിയിൽ സംസ്ഥാനത്തിന് ലഭിക്കാവുന്ന വിഹിതത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | എ) രാജീവ് ആവാസ് യോജന പദ്ധതിയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം വിലയിരുത്തുന്നതിനായി ചേരിരഹിത നഗരാസൂത്രണ കർമ്മപരിപാടിയുടെ ഭാഗമായി നടത്തുന്ന സാമൂഹിക-സാമ്പത്തിക സർവ്വേയിൽ നിന്നും ഭൗതിക ഭൂപട നിർമ്മാണത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങളെ വിശകലനം ചെയ്യേണ്ടതുണ്ട്. ഇതിലേയ്ക്ക് സാമൂഹിക-സാമ്പത്തിക സർവ്വേയ്ക്കുള്ള പ്രക്രിയ നടന്നുവരുന്നു. ഈ ആസൂത്രണ പരിപാടി ഒരു വർഷം നീണ്ടു നിൽക്കുന്നതും തെരഞ്ഞെടുക്കപ്പെട്ട നഗരസഭകൾ അതത് നഗരങ്ങളെ ചേരിരഹിതമാക്കുന്നതിനായുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. ഇതിനുശേഷം മാത്രമേ എത്ര തുക വേണ്ടിവരും എന്ന് തീരുമാനിക്കാനാവൂ. രാജീവ് ആവാസ് യോജന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ആസൂത്രണം ചെയ്യുന്ന തുകയുടെ 50% കേന്ദ്രസർക്കാർ വഹിക്കുന്നതാണ്. |
| ബി) സംസ്ഥാനത്തെ ഏതൊക്കെ പട്ടണങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | ബി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം 2001 കാനേഷുമാരിയിൽ 3 ലക്ഷത്തിലധികം ജനസംഖ്യയുള്ള തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളെയാണ് ആദ്യഘട്ടമായി ഈ ആസൂത്രണപരിപാടിയിൽ ഉൾക്കൊള്ളി |

| | | | |
|---|---|---|---|
| | | | ച്ചിരിക്കുന്നത്. |
| സി) | ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | സി) | ചേരിരഹിത നഗരം ആസൂത്രണം ചെയ്യുന്നതിലേയ്ക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ പരിപാടികൾ നടപ്പിലാക്കുന്നതുവഴി ആസൂത്രണഘട്ടത്തിന്റെ അവസാനം മാത്രമേ വിശദമായ കർമ്മപരിപാടി തയ്യാറാക്കപ്പെടുകയുള്ളൂ. ഈ ആസൂത്രണപരിപാടികൾ നടത്തുന്നതിലേക്കാവശ്യമായ പദ്ധതി സംസ്ഥാനം നിർദ്ദേശിക്കുകയും കേന്ദ്രസർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി പ്രകാരം പരമാവധി സഹായം നേടിയെടുക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) | സ്വീകരിച്ചിട്ടുണ്ട്. രാജീവ് ആവാസ് യോജന പദ്ധതിയുടെ ആദ്യഘട്ടമായ ചേരിരഹിത നഗരാസൂത്രണ കർമ്മപരിപാടി ഉണ്ടാക്കിയെടുക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നു വരുന്നത്. ചേരിരഹിത നഗരം ആസൂത്രണം ചെയ്യുന്നത് അതത് നഗരസഭകളായതിനാൽ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനനുസരിച്ചു മാത്രമേ പദ്ധതി തുക തീരുമാനിക്കാനാകൂ. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനാവശ്യമായ ഘട്ടംഘട്ടമായ പദ്ധതി നടത്തിപ്പിന് വേർതിരിച്ചുള്ള നിർദ്ദേശങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും മുന്നോട്ടുവയ്ക്കേണ്ടത് അതത് നഗരസഭകൾ തന്നെയാണ്. ഇതിലേക്കാവശ്യമായ സഹായവ്യവസ്ഥകൾ നഗരസഭകൾക്ക് പദ്ധതിനിർദ്ദേശത്തിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. |

സെക്ഷൻഓഫീസർ